"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അക്കൗണ്ട് ടെസ്റ്റ് പേപ്പർ II കെ.എസ്.ആർ. പാസ്സായവരെ അക്കൗണ്ട് ടെസ്റ്റ് ലോവർ കെ.എസ്.ആർ. പാസ്സായവരായി കണക്കാക്കാവുന്നതാണെന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.11/2025/P&ARD തീയതി,തിരുവനന്തപുരം, 20-06-2025

==============================================================================

പരാമർശം:-

1. 9.01.1996 ലെ സ.ഉ.(പി) നം.3/1996/പി&എആർഡി നമ്പർ ഉത്തരവ്
2. 20.08.2010 ലെ സ.ഉ.(പി) നം.28/2010/പി&എആർഡി നമ്പർ ഉത്തരവ്.
3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.04.2025 ലെ A5-1/5255/15/Gw നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം അക്കൗണ്ട് ടെസ്റ്റ് ഹയർ പാർട്ട് II പേപ്പർ III കെ.എസ്.ആർ. പാസ്സായവരെ അക്കൗണ്ട് ടെസ്റ്റ് ലോവർ പാർട്ട് I കെ.എസ്.ആർ. പാസ്സായതായും പരാമർശം (2) ഉത്തരവ് പ്രകാരം അക്കൗണ്ട് ടെസ്റ്റ് ഹയർ പാർട്ട് II, പേപ്പർ III കെ.എസ്.ആർ. പാസ്സായവരെ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അക്കൗണ്ട് ടെസ്റ്റ് പേപ്പർ II കെ.എസ്.ആർ. പാസ്സായിട്ടുള്ളതായും പരിഗണിക്കാവുന്നതാണ്. എന്നാൽ അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പരീക്ഷാ ശീർഷകത്തിലുള്ള കേരള സർവീസ് റൂൾസ് പേപ്പർ, അക്കൗണ്ട് ടെസ്റ്റ് (ലോവർ) പരീക്ഷയിലുള്ള കേരള സർവീസ് റൂൾസ് പേപ്പറിന് തുല്യമായി പരിഗണിക്കുന്നത് സംബന്ധിച്ച ഉത്തരവുകളൊന്നും നിലവിലില്ലാത്തതിനാൽ ടി യോഗ്യത കൈവരിച്ചവരെ അക്കൗണ്ട് ടെസ്റ്റ് ലോവർ കെ.എസ്.ആർ. പാസ്സായതായി കണക്കാക്കി സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ട് ടെസ്റ്റ് ഫോർ

എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പേപ്പർ II കെ.എസ്.ആർ. പാസ്സായവരെ അക്കൗണ്ട് ടെസ്റ്റ് ലോവർ കെ.എസ്.ആർ. പാസ്സായതായി പരിഗണിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം പി എസ് സിയും ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്കൗണ്ട് ടെസ്റ്റ് ഹയർ കെ.എസ്.ആർ പാസ്സായവരെ കെ.എസ്.ആർ ലോവർ പാസ്സായവരായും അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പേപ്പർ II കെ.എസ്.ആർ. നെ അക്കൗണ്ട് ടെസ്റ്റ് കെ.സ്.ആർ ഹയർ ന് തുല്യമായും നിലവിൽ പരിഗണിച്ചു പോരുന്നുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അക്കൗണ്ട് ടെസ്റ്റ് പേപ്പർ II കെ.എസ്.ആർ. പാസ്സായവരെ അക്കൗണ്ട് ടെസ്റ്റ് ലോവർ കെ.എസ്.ആർ. പാസ്സായതായി പരിഗണിക്കാവുന്നതാണ് എന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ